എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം

11 (*161)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കാലാനുസൃതമായും ശാസ്ത്രീയമായും നവീകരിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇതു നിലനിൽക്കുന്ന തിരക്ക് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾ എംപ്ലോയ്മെന്റ് ബ്യൂറോ എന്ന പേരുകളിൽ സമാന്തര എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ആദ്യ പടിയായി തിരുവനന്തപുരത്തെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസ് കംപ്യൂട്ടർവൽക്കരിക്കുന്ന ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും ചുരുങ്ങിയ കാലയളവിൽ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും 'കംപ്യൂട്ടറൈസ്' ചെയ്യുന്നതാണ്. തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കംപ്യൂട്ടർവൽക്കരണം താമസിയാതെ തുടങ്ങുന്നതാണ്.

(ബി) സംസ്ഥാന പദ്ധതി വിഹിതത്തിലെ തുകയുടെ ലഭ്യതയനുസരിച്ച് നിരക്ക് കുറയ്ക്കുന്നതിനായി 50,000 അധികം രജിസ്ട്രേഷൻ ഉള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ വിഭജിച്ച് പുതിയ ഠൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങുവാൻ നടപടിയെടുത്തു വരുന്നു.

(സി) ഉണ്ട്.

(ഡി) ഇവ തടയാൻ ഇപ്പോൾ നിയമമില്ല. നോട്ടിഫിക്കേഷൻ മൂലം ഇവ തടയുന്ന കാര്യം പരിശോധിച്ചു വരുന്നു.

വിനോദസഞ്ചാര വികസന പദ്ധതികൾ

12 (* 162)ശ്രീ. എം.എ. തോമസ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ നിക്ഷേപകരെ പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാന വിനോദസഞ്ചാര വികസനത്തിൽ ഏറെ സാധ്യതയുള്ള കായലോര ജലവിനോദസഞ്ചാരം പരമാവധി ഉപയോഗപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ടൂറിസം വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ നിക്ഷേപകരെ പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹമായ ടൂറിസം യൂണിറ്റുകൾക്ക് മൊത്തം നിക്ഷേപത്തിന്റെ 10% (പരമാവധി പത്ത് ലക്ഷം രൂപ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്നുണ്ട്. ഇവർക്ക് ഫിനാൻഷ്യൽ കോർപ്പറേഷൻ പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനും സഹായിക്കുന്നുണ്ട്. ക്ലാസിഫൈഡ് ഹോട്ടലുകൾക്ക് കറന്റു ചാർജിൽ ഇളവ് അനുവദിച്ചുവരുന്നു. സ്വകാര്യ നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനായി ഒരു 'ഗൈഡൻസ് സെൽ'ടൂറിസം ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ടൂറിസം വകുപ്പ് പങ്കെടുക്കുന്ന മേളകൾ വഴിയും മറ്റും പ്രചാരണോപാധികളിൽ ഉൾപ്പെടുത്തിയും സ്വകാര്യ നിക്ഷേപകർ നടത്തുന്ന സ്ഥാപനങ്ങളുടെ മാർക്കറ്റിംഗിനും സഹായം നൽകിവരുന്നു. കൂടാതെ കൂടുതൽ സ്വകാര്യ നിക്ഷേപകർ കടന്നുവരാൻ ഉതകുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ടൂറിസം രംഗത്തെ എല്ലാ പ്രവർത്തനങ്ങളിലും അവരുമായി ആശയവിനിമയം നടത്തുവാനും സർക്കാർ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കൂടുതൽ നിക്ഷേപം സ്വകാര്യ മേഖലയിലും സംയുക്ത മേഖലയിലും ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനായുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡ് മുഖേനയും നടത്തിവരുന്നു. ടൂറിസം വികസനത്തിന് ഏറ്റവും കൂടുതൽ സംഭാവനകൾ നൽകുന്ന വിവിധ വിഭാഗം ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ എന്നിവയ്ക്ക് അവാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കായലോര ജല വിനോദസഞ്ചാരം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പ, കുട്ടനാട് ഭാഗത്ത് ബോട്ട് ടെർമിനലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതി തയ്യാറായിട്ടുണ്ട്. അഷ്ടമുടിക്കായലിന്റെ സമഗ്ര ടൂറിസം വികസനത്തിനും കായലോരങ്ങളിൽ സൈഗേജ് സിസ്റ്റം സ്ഥാപിക്കാനും ഹൗസ് ബോട്ടുകൾ വടക്കൻ ജില്ലകളിലേയ്ക്കുകൂടി വ്യാപകമാക്കാനുമുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം-കൊല്ലം വെസ്റ്റ്കോസ്റ്റ് കനാലിൽ ഹൗസ്ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

(സി)&(ഡി) ഉണ്ട്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കോവളം ബീച്ചിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്	കേന്ദ്രവിഹിതം 100 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

2. പമ്പ-കുട്ടനാട് ജലപാതയുടെ സമഗ്രവികസനം	200 ലക്ഷം രൂപ
3. മ്യൂസിയങ്ങളുടെ സമഗ്രവികസനം	148 ലക്ഷം രൂപ
4. വാഗമൺ ടൂറിസ്റ്റ് റിസോർട്ടിന്റെ വികസനം	50 ലക്ഷം രൂപ
5. ഫോർട്ട്കൊച്ചി-മട്ടാഞ്ചേരി ജൂയിഷ് ടൗൺ എന്നീ കേന്ദ്രങ്ങളുടെ വികസനം	75 ലക്ഷം രൂപ
6. തേക്കടി, മൂന്നാർ, വൈത്തിരി എന്നിവിടങ്ങളിൽ ടൂറിസ്റ്റ് റിസ്പ്ഷൻ സെന്ററുകൾ നിർമ്മിക്കുന്നതിന്	75 ലക്ഷം രൂപ
7. യാത്രിനിവാസ്, മൂന്നാർ	98 ലക്ഷം രൂപ
8. തേക്കടിയിൽ ഒരു ഇക്കോ ഫ്രണ്ട്ലി ജനറേറ്റർ സ്ഥാപിക്കുന്നതിന്	50 ലക്ഷം രൂപ
9. വഴിയോരവിശ്രമകേന്ദ്രം, മണ്ണാർക്കാട്	75 ലക്ഷം രൂപ
10. ഫ്ളോട്ടിംഗ് റിസോർട്ട്, പാതിരാമണൽ	100 ലക്ഷം രൂപ
11. മലബാർ ധോ നിർമ്മിക്കുന്നതിന്	95 ലക്ഷം രൂപ
12. ടൂറിസ്റ്റ് ആയുർവേദകേന്ദ്രം, കുമരകം, ബോൾഗാട്ടി	50 ലക്ഷം രൂപ
13. കോട്ടയം-കുമരകം, നെൻമാറ-നെല്ലിയാംപതി, തേക്കടി-മൂന്നാർ, തിരുവനന്തപുരം-പൊൻമുടി എന്നീ റോഡുകളുടെ സമഗ്രവികസനം	250 ലക്ഷം രൂപ
14. മേളകൾ	
അഷ്ടമുടി ആർട്ട് ആന്റ് ക്രാഫ്റ്റ് ഫെയർ	1 ലക്ഷം രൂപ
നെഹ്റുട്രോഫി ബോട്ട് റേസ്	1 ലക്ഷം രൂപ
ഇന്ദിരാഗാന്ധി ബോട്ട് റേസ്	1 ലക്ഷം രൂപ
മലബാർ മഹോൽസവം	1 ലക്ഷം രൂപ
ആറൻമുള ബോട്ട് റേസ്	1 ലക്ഷം രൂപ
മൊത്തം	1371 ലക്ഷം രൂപ

മൊത്തം 1371 ലക്ഷം രൂപയുടെ പദ്ധതികളാണ് കേന്ദ്രസഹായത്തിനായി സമർപ്പിച്ചത്. കേന്ദ്ര വിഹിതമായി 1371 ലക്ഷം രൂപ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) യാത്രിനിവാസുകൾ, വിശ്രമകേന്ദ്രങ്ങൾ, കായലോര വിശ്രമകേന്ദ്രങ്ങൾ, ചരിത്ര മന്ദിരങ്ങളുടെ ദീപാലങ്കാരം, നവീകരണം, ഹൗസ് ബോട്ടു

LIBRARY ARCHIVES Kerala Legislative Assembly

കളുടെ നിർമ്മാണം, വാട്ടർ സ്പോർട്സ് കോംപ്ലക്സ്, ടൂറിസ്റ്റ് റിസപ്ഷൻ കേന്ദ്രങ്ങൾ, വിവിധ മേളകൾ എന്നിവയ്ക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്.

പൊതുവിതരണ സമ്പ്രദായത്തിന് വിഘാതമുണ്ടാക്കുന്ന നടപടി

13 (*163)ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിൽ വിഘാതമുണ്ടാക്കുന്ന നടപടികൾ കേന്ദ്ര സർക്കാരിൽ നിന്ന് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഭക്ഷ്യ സബ്സിഡി വെട്ടിക്കുറയ്ക്കാനുള്ള നീക്കത്തിനെതിരെ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) 31.1.2000-ന് ബാംഗ്ളൂരിൽ വിളിച്ചുകൂട്ടിയ ദക്ഷിണമേഖലാ ഭക്ഷ്യ വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വരെ റേഷൻ വിതരണത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി താഴെയുള്ളവരുടെ വിഹിതം 20 കിലോ ആയി വർദ്ധിപ്പിക്കുകയോ അല്ലെങ്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിഹിതം വർദ്ധിപ്പിച്ച് ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ള കുടുംബങ്ങൾക്ക് ഇതിന് ആനുപാതികമായ കുറവ് വരുത്തുകയോ അതുമല്ലെങ്കിൽ 'ദാരിദ്ര്യരേഖയ്ക്ക്' മുകളിലുള്ളവരെ പൊതു വിതരണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി, കേന്ദ്ര വിൽപ്പനവില വർദ്ധിപ്പിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രതിമാസം 25 കിലോ അരി നൽകുമോ എന്നിങ്ങനെ വിവിധ നിർദ്ദേശങ്ങൾ കേന്ദ്ര ഭക്ഷ്യമന്ത്രാലയം ഉന്നയിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഈ നിർദ്ദേശങ്ങളോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ എതിർപ്പ് പ്രസ്തുത സമ്മേളനത്തിൽ വെച്ചുതന്നെ കാര്യകാരണ സഹിതം വ്യക്തമാക്കുകയുണ്ടായി.

(ബി) ഭക്ഷ്യ സബ്സിഡി വെട്ടിക്കുറയ്ക്കാൻ കേന്ദ്രം തീരുമാനമെടുക്കുന്നപക്ഷം സാധാരണ ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ആവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യം ലഭ്യമാക്കാൻ ഫലപ്രദമായ നടപടികൾ പരമാവധി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly